ദേശാഭിമാനി
# അക്ഷരമുറ്റം
TALENT FEST 2026

## സ്കൂൾതല ക്വിസിനുള്ള ചോദ്യങ്ങൾ
## എൽപി വിഭാഗം

### ക്വിസ് മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ

സ്കൂൾതല ക്വിസ് മത്സരത്തിനുള്ള ചോദ്യങ്ങളാണിത്. ഉത്തരങ്ങൾ ഓരോ ചോദ്യത്തിനും തൊട്ടുതാഴെയുണ്ട്. 20 ചോദ്യങ്ങളാണ് മത്സരത്തിന് ഉപയോഗിക്കേണ്ടത്. ടൈ വരികയാണെങ്കിൽ ഉപയോഗിക്കാനുള്ളതാണ് അവസാനത്തെ 5 ചോദ്യങ്ങൾ. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനപുസ്തകവും സർട്ടിഫിക്കറ്റുമുണ്ട്. അവ ഉപജില്ലാ മത്സരകേന്ദ്രത്തിൽ നൽകും. ഒന്നും രണ്ടും സ്ഥാനക്കാരാണ് ഉപജില്ലാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. അതിന് പറ്റിയ രീതിയിൽ ടൈ ബ്രേക്ക് ചെയ്യണം. സ്കൂളിന്റെ സാധ്യതയ്ക്കനുസരിച്ച് ചോദ്യം ചോദിക്കുകയോ എഴുതിക്കുകയോ ചെയ്യാം. ഒന്നും രണ്ടും സ്ഥാനം നേടിയ വിദ്യാർഥികളുടെ പേരുവിവരം പ്രധാനാധ്യാപകൻ സാക്ഷ്യപ്പെടുത്തി കുട്ടികളെ ഏൽപിക്കണം. ഉപജില്ല മത്സരകേന്ദ്രത്തിലെ രജിസ്ട്രേഷന് അത് ആവശ്യമാണ്. ഉപജില്ലയിലും ജില്ലയിലും സംസ്ഥാനതലത്തിലും വ്യക്തിഗതമായാണ് ക്വിസ് മത്സരം.

1)നമ്മുടെ ദേശീയ ഗാനമായ 'ജനഗണമന' രചിച്ചതാര്?
ഉത്തരം: രവീന്ദ്രനാഥ ടാഗോർ

2) പഴശ്ശി ഡാം ഏത് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്?
ഉത്തരം: കണ്ണൂർ

3) ഡിസംബർ 22 ഇന്ത്യയിൽ ദേശീയ ഗണിതശാസ്ത്ര ദിനമായി ആചരിക്കുന്നു. ഏത് പ്രശസ്ത ഗണിതശാസ്ത്രജ്ഞന്റെ ജന്മദിനമാണിത്?
ഉത്തരം: ശ്രീനിവാസ രാമാനുജൻ

4) 'പാവങ്ങളുടെ പടത്തലവൻ' എന്നറിയപ്പെടുന്ന ജനനേതാവ് ആര്?
ഉത്തരം: എ കെ. ഗോപാലൻ (എ.കെ.ജി)

5) 2026 ലോകകപ്പ് ഫുട്ബോൾ ഫൈനലിൽ സ്പെയിൻ ഏത് ടീമിനെ തോൽപ്പിച്ചാണ് കപ്പ് എടുത്തത്?
ഉത്തരം: അർജന്റീന

6) സൂര്യപ്രകാശം ഭൂമിയിൽ എത്താൻ ഏകദേശം എത്ര സെക്കൻഡ് സമയം എടുക്കും?
A) 400 B) 450 C) 500 D) 600
ഉത്തരം: C) 500

7) ജ്യോതിയുടെ കൈയിൽ 7 പത്തുരൂപാ നോട്ടും 5 നൂറുരൂപാനോട്ടും 4 അഞ്ഞൂറുരൂപാനോട്ടുമുണ്ട്. ജ്യോതിയുടെ കൈയിൽ ആകെയുള്ള രൂപയെത്ര?
ഉത്തരം: 2570

8) അടുത്തിടെ നമ്മുടെ അയൽരാജ്യത്തിൽ മഹാപ്രളയമുണ്ടായി. നിരവധി പേർക്ക് ജീവൻ നഷ്ടമായി. ഏതാണ് ആ രാജ്യം?
ഉത്തരം: നേപ്പാൾ

9) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാനത്തെ ഭവനരഹിതർക്ക് ലക്ഷക്കണക്കിന് വീടുകൾ നിർമിച്ചുനൽകി പുനരധിവസിപ്പിച്ച സർക്കാർ പദ്ധതിയുടെ പേരെന്ത്?
ഉത്തരം: ലൈഫ് മിഷൻ

10) ഒരു വർഷത്തിൽ ആകെ എത്ര ആഴ്ചകളാണ് ഉള്ളത്?
ഉത്തരം: 52 ആഴ്ചകൾ

11) കൂട്ടുകാരുടെ ഇഷ്ട അനിമേ കഥാപാത്രമാണല്ലോ നെറൂട്ടോ ഉസുമാക്കി. ഏത് രാജ്യത്തു നിന്നാണ് ഈ കഥാപാത്രം ഉത്ഭവിച്ചത്?
ഉത്തരം: ജപ്പാൻ

techsandquiz.in

12) താഴെ പറയുന്നതിൽ തെറ്റായ പ്രസ്താവന ഏത്?
a. പശു ഒരു സസ്തനിയാണ്
b. ആട് ഒരു വളർത്തുമൃഗമാണ്
c. തവള വെള്ളത്തിൽ മാത്രം ജീവിക്കുന്ന ജീവിയാണ്
d. കടുവ മാംസഭുക്കാണ്

ഉത്തരം: c. തവള വെള്ളത്തിൽ മാത്രം ജീവിക്കുന്ന ജീവിയാണ്

13) "നിങ്ങൾ ഉറങ്ങുമ്പോൾ  കാണുന്നതല്ല സ്വപ്നം. നിങ്ങളെ ഉറങ്ങാൻ അനുവദിക്കാതിരിക്കുന്നതാണ് സ്വപ്നം". നമ്മുടെ ഒരു മുൻ രാഷ്ട്രപതിയുടെ വാക്കുകളാണിത്. ഇന്ത്യയുടെ 'മിസൈൽ മാൻ' എന്നറിയപ്പെടുന്ന ഇദ്ദേഹം ആര്?
ഉത്തരം: ഡോ. എ.പി.ജെ അബ്ദുൽ കലാം

14) വിഖ്യാതസാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ജൻമദിനമാണ് നമ്മൾ ബഷീർ ദിനമായി ആചരിക്കുന്നത്. ഏതാണ് ആ ദിവസം?
ഉത്തരം: ജൂലൈ 5.

15) 2024 ജൂലൈയിൽ കേരളത്തിലെ ഒരു ജില്ലയിൽ വൻഉരുൾപ്പൊട്ടലുണ്ടായി. നിരവധി മനുഷ്യർക്ക് ജീവൻ നഷ്ടപ്പെടുകയും വൻനഷ്ടങ്ങളുണ്ടാവുകയും ചെയ്തു. ദുരന്തബാധിതർക്ക് വീടുൾപ്പടെ നൽകുന്ന പുനരധിവാസ പദ്ധതി കഴിഞ്ഞ എൽഡിഎഫ് സർക്കാർ നടപ്പാക്കിയിരുന്നു. ഏത് ജില്ലയിലാണ് ഈ ദുരന്തമുണ്ടായത്?
ഉത്തരം: വയനാട്

16) കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ആരായിരുന്നു?
ഉത്തരം: ഇഎംഎസ് നമ്പൂതിരിപ്പാട്

17) ഇന്ത്യയുടെ ദേശീയ മൃഗം കടുവയും ദേശീയ പക്ഷി മയിലുമാണ്. ഇന്ത്യയുടെ ദേശീയ ജലജീവി ഏതാണ്?
ഉത്തരം: ഗംഗാ ഡോൾഫിൻ (ഡോൾഫിൻ എന്നെഴുതിയാൽ മാർക്കില്ല)

18) വിഴിഞ്ഞം തുറമുഖം കേരളത്തിൽ ഏത് ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്?
ഉത്തരം: തിരുവനന്തപുരം

19)സൗരയൂഥത്തിലെ ഏറ്റവും ചൂടുള്ള ഗ്രഹം ഏതാണ്?
ഉത്തരം: ശുക്രൻ (Venus)

20) ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്നറിയപ്പെടുന്നത് ആര്?
ഉത്തരം: ഡോ. ബി.ആർ. അംബേദ്കർ

**ടൈ ബ്രേക്കർ ചോദ്യങ്ങൾ**

1) 2026ലെ പരിസ്ഥിതിദിനാഘോഷത്തിന്റെ ഔദ്യോഗികവേദിയായ ബകു നഗരം ഏത് രാജ്യത്താണ്?
ഉത്തരം: അസർബൈജാൻ

2) കൊച്ചി തുറമുഖത്തിന്റെ ശില്പിയെന്നറിയപ്പെടുന്നത് ആര്?
ഉത്തരം: റോബർട്ട് ബ്രിസ്റ്റോ

3) കേരളത്തിൽ നിന്നുള്ള ലോകസഭ അംഗങ്ങളുടെ (എംപി) എണ്ണം എത്ര?
ഉത്തരം: 20

4) ഇപ്പോഴത്തെ കേരള സംസ്ഥാന ചീഫ് സെക്രട്ടറി ആരാണ്?
ഉത്തരം: ബിശ്വനാഥ് സിൻഹ (Bishwanath Sinha)

5) ലോകമെമ്പാടുമുള്ള കുട്ടികൾക്ക് പ്രിയങ്കരനായ 'മിക്കി മൗസ്' (Mickey Mouse) എന്ന കാർട്ടൂൺ കഥാപാത്രത്തെ സൃഷ്ടിച്ചത് ആരാണ്?
ഉത്തരം: വാൾട്ട് ഡിസ്നി

techsandquiz.in